**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3468** **15-02-2024 - ൽ മറുപടിയ്ക്ക്**

**ക്ഷേമനിധി ബോർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ഉൾപ്പെടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകളിൽ നിന്നും നിലവിൽ വിതരണം ചെയ്യാനുള്ള പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളുടെ വിശദാംശങ്ങളും ഓരോ എണ്ണത്തിലും വിതരണം ചെയ്യാനുള്ള തുകയും ലഭിക്കാനുള്ള ഗുണഭോക്താക്കളുടെ എണ്ണവും ബോർഡ് തിരിച്ച് വ്യക്തമാക്കുമോ? | (എ) | കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ഉൾപ്പെടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകളിൽ നിന്നും നിലവിൽ വിതരണം ചെയ്യാനുള്ള പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളുടെ വിശദാംശങ്ങളും ഓരോ എണ്ണത്തിലും വിതരണം ചെയ്യാനുള്ള തുകയും ലഭിക്കാനുള്ള ഗുണഭോക്താക്കളുടെ എണ്ണവും അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട 16 ക്ഷേമനിധി ബോർഡുകളുടെ വിവരം ചുവടെ ചേർക്കുന്നു.**

### 1. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ വിതരണം ചെയ്യുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് കർഷക തൊഴിലാളി പെൻഷൻ നൽകുന്നത്. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ വിവിധ ആനുകല്യങ്ങളിൽ വിതരണം ചെയ്യാൻ ശേഷിക്കുന്ന അപേക്ഷകളുടെ എണ്ണവും തുകയും ചുവടെ ചേർക്കുന്നു.

| ക്രമ നം | ആനുകൂല്യം | വിതരണം ചെയ്യാനുള്ള അപേക്ഷകളുടെ എണ്ണം | ആവശ്യമായ തുക |
|---|---|---|---|
| 1 | അധിവർഷാനുകൂല്യം | 3,05,948 | 455,33,07,500/- |
| 2 | വിവാഹ ധനസഹായം | 16,701 | 5,09,07,000/- |
| 3 | പ്രസവാനുകൂല്യം | 3,822 | 5,73,30,000/- |

### 2. കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും നാളിതുവരെ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് കുടിശ്ശികയൊന്നുമില്ല.

### 3. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ തൊഴിലാളികൾക്ക് നൽകുന്ന പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ സമയബന്ധിതമായി തന്നെ അനുവദിച്ച് നൽകാറുണ്ട്. ഓരോ മാസത്തേയും പെൻഷൻ തുകകൾ അഞ്ചാം തീയതിയ്ക്ക് മുൻപായി തന്നെ തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് ഡി.ബി.റ്റി ചെയ്ത് നൽകി വരുന്നു. ഈ ഇനത്തിൽ യാതൊരു കുടിശ്ശികയും നിലവിലില്ലാത്തതാണ്.

### 4. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ ടി ക്ഷേമ ബോർഡിൽ നിന്നും നിലവിൽ 2023 ഫെബ്രുവരി മാസം വരെയുള്ള പ്രതിമാസ പെൻഷനാണ് വിതരണം നടത്തിയിട്ടുള്ളത്. തുടർന്ന് 2023 മാർച്ച് മാസം മുതൽ 2024 ജനുവരി മാസം വരെ പ്രതിമാസ പെൻഷൻ അനുവദിച്ചു നൽകുന്നതിനായി 3,70,304 ഗുണഭോക്താക്കൾക്ക് ഏകദേശം 660 കോടി രൂപ ആവശ്യമാണ്.

നിലവിൽ ആനുകൂല്യം വിതരണം ചെയ്യാനുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | ആനുകൂല്യം | എണ്ണം | തുക |
|---|---|---|---|

| നം | | | |
|---|---|---|---|
| 1 | വിവാഹം | 16,423 | 16,42,30,000/- |
| 2 | പ്രസവം | 816 | 1,22,40,000/- |
| 3 | എസ്.എസ്.എൽ.സി | 2,625 | 32,01,000/- |
| 4 | സ്കോളർഷിപ്പ് | 7,804 | 99,22,750/- |
| 5 | എൻട്രൻസ് കോച്ചിംഗ് | 1 | 5,000/- |
| 6 | ക്യാഷ് അവാർഡ് | 172 | 5,46,000/- |
| 7 | മാരകരോഗ ചികിത്സാധനസഹായം | 1,316 | 3,22,90,598/- |
| 8 | ചികിത്സാധനസഹായം | 818 | 31,20,735/- |
| 9 | എക്സ്ഗ്രേഷ്യ/അപകടം | 1,381 | 1,20,56,187/- |
| 10 | വി.ആർ.എസ് | 858 | 34,60,122/- |
| 11 | മരണാനന്തരാനുകൂല്യം | 1,594 | 8,11,11,635/- |
| 12 | ഡെത്ത് റീഫണ്ട് | 305 | 12,22,165/- |
| 13 | റീഫണ്ട് | 1,305 | 65,60,669/- |
| 14 | ഫ്യൂണറൽ | 1,556 | 60,64,000/- |
| 15 | പെൻഷൻ ഫ്യൂണറൽ | 2141 | 65,84,000/- |
| 16 | അപകടമരണം | 22 | 88,51,220/- |
| 17 | മൈനർ ഡെപ്പോസിറ്റ് | 49 | 11,71,015/- |
| | **ആകെ** | **39,186** | **35,26,37,096/-** |

## 5. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്

കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ വരിക്കാരായ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടില്ല. ബോർഡിൽ ഓണലൈൻ മുഖാന്തിരമാണ് ആനുകൂല്യ അപേക്ഷകൾ സ്വീകരിച്ചു വരുന്നത്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ നിശ്ചിത സമയത്തിനുള്ളിൽ തീർപ്പാക്കി ആനുകൂല്യം നൽകി വരുന്നുണ്ട്. 2023-24 സാമ്പത്തിക വർഷത്തെ വിദ്യാഭ്യാസ ഗ്രാന്റ് അനുവദിക്കാൻ 07/02/2024 - ൽ കൂടിയ ബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ട്. ആയത് 2024 മാർച്ച് 31-ന് മുൻപായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നിലവിൽ ആനുകൂല്യം വിതരണം ചെയ്യാനുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| എസ്.എസ്.എൽ.സി ക്യാഷ് അവാർഡ് | 177 അപേക്ഷകർക്ക് | 1,67,400/- രൂപ |
| ഉന്നത വിദ്യാഭ്യാസം | 517 പേർക്ക് | 8,88,500/- രൂപ |
| ഹൈസ്കൂൾ ഗ്രാന്റ് | 1209 പേർക്ക് | 7,25,400/- രൂപ |
| പ്ലസ് വൺ, പ്ലസ് ടു | 1076 പേർക്ക് | 8,60,800/- രൂപ |
| മെഡിക്കൽ എഞ്ചിനീയറിംഗ് | 22 പേർക്ക് | 1,10,000/- രൂപ |
| **ആകെ** | **3001 പേർക്ക്** | **27,52,100/- രൂപ** |

## 6. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 2024 ജനുവരി മാസം വരെയുള്ള പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ തനത് ഫണ്ട് ഉപയോഗപ്പെടുത്തി വിതരണം ചെയ്തിട്ടുണ്ട്.

## 7. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2023 ഡിസംബർ വരെയുള്ള ആനുകൂല്യ വിതരണം പൂർത്തിയായിട്ടുണ്ട്. 2024 ജനുവരി മാസത്തെ ആനുകൂല്യം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2023 ഓഗസ്റ്റ് മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ 2024 ജനുവരി മാസത്തെ ഗുണഭോക്താക്കളുടെ എണ്ണം 1025 ആണ്.

നിലവിൽ ആനുകൂല്യം വിതരണം ചെയ്യാനുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **മാസം** | **ഗുണഭോക്താക്കളുടെ എണ്ണം** | **തുക** |
|---|---|---|
| സെപ്റ്റംബർ | 991 | 15,85,600/- |
| ഒക്ടോബർ | 995 | 15,92,000/- |
| നവംബർ | 1011 | 16,17,600/- |
| ഡിസംബർ | 1017 | 16,27,200/- |
| ജനുവരി | 1025 | 16,40,000/- |
| **ആകെ** | **5039** | **80,62,400/-** |

## 8. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ തൊഴിലാളി പെൻഷൻ, കുടുംബ പെൻഷൻ, സാന്ത്വന പെൻഷൻ എന്നീ മൂന്ന് വിഭാഗങ്ങളിലായി ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും ക്ഷേമ പെൻഷൻ വിതരണം ചെയ്തുവരുന്നു. നിലവിൽ 2024 ജനുവരി വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. മറ്റ് ആനുകൂല്യങ്ങൾ എല്ലാം യഥാസമയം ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും വിതരണം ചെയ്ത് വരുന്നുമുണ്ട്.

## 9. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ പെൻഷൻ ഒഴികെയുള്ള ആനുകൂല്യങ്ങൾ ഒന്നുംതന്നെ കുടിശ്ശികയില്ല. 2022 സെപ്റ്റംബർ മുതൽ 2023 ജനുവരി വരെയുള്ള പെൻഷൻ ആണ് നിലവിൽ വിതരണം ചെയ്യുവാനുള്ളത്. ബോർഡിലെ 2023 ഓഗസ്റ്റ് മാസത്തിൽ വിതരണം ചെയ്ത പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണമായ 55246 ആണ്. അതിൻപ്രകാരം ഒരു മാസത്തെ പെൻഷൻ വിതരണത്തിനായി 8,83,93,600/- (എട്ട് കോടി എൺപത്തി മൂന്ന് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി അറുന്നൂറ് രൂപ മാത്രം) ആവശ്യമായി വരുന്നതാണ്.

## 10. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധിയിൽ പെൻഷൻ മാത്രമേ കുടിശ്ശികയുള്ളൂ. 5 മാസത്തെ പെൻഷൻ കുടിശ്ശികയാണ്. 1600/- രൂപ നിരക്കിൽ 9015 പെൻഷൻകാർക്ക് 7,21,20,000/- രൂപ ഇതിനായി വേണ്ടിവരുന്നതാണ്.

## 11. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്

(എ) പെൻഷൻ

| ക്രമ നം | മാസം | മസ്റ്ററിംഗ് നടത്തിയവർ | 2023 ജനുവരി മുതലുള്ള പുതിയ പെൻഷൻകാർ | ആകെ പെൻഷണർമാർ | ആവശ്യമായ തുക |
|---|---|---|---|---|---|
| 1 | സെപ്റ്റംബർ 2023 | 8301 | 690 | 8991 | 1,43,85,600/- |
| 2 | ഒക്ടോബർ 2023 | 8311 | 719 | 9030 | 1,44,48,000/- |
| 3 | നവംബർ 2023 | 8470 | 741 | 9211 | 1,47,37,600/- |
| 4 | ഡിസംബർ 2023 | 8674 | 779 | 9453 | 1,51,24,800/- |
| 5 | ജനുവരി 2024 | 8806 | 999 | 9805 | 1,56,88,000/- |
| **ആകെ** | | | | 46,490 | **7,43,84,000/-** |

| ക്രമ നം | ഇനം | എണ്ണം | തുക |
|---|---|---|---|
| 1 | വിവാഹധനസഹായം | 572 | 17,16,000/- |
| 2 | സാമ്പത്തിക താങ്ങൽ ധനസഹായം 2022-2023 | 3161 | 39,51,250/- |
| 3 | സാമ്പത്തിക താങ്ങൽ ധനസഹായം 2022-2023 | 56,679 | 7,08,48,750/- |
| 4 | പ്രസവധനസഹായം | 3809 | 5,71,35,000/- (3,07,90,000/- രൂപ സർക്കാരിൽ നിന്നും പ്രതിപൂരണം ചെയ്ത് |

| | | | |
|---|---|---|---|
| | | | ലഭിക്കുവാനുണ്ട്.) |

## 12. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 09/2023 മുതൽ 01/2024 വരെയുള്ള പെൻഷൻ കുടിശ്ശികയായി 805 ഗുണഭോക്താക്കൾക്ക് ആകെ 62,94,400/- രൂപ നൽകുവാനുണ്ട്. മറ്റ് ആനുകൂല്യങ്ങളായി 17 ഗുണഭോക്താക്കൾക്കായി 75,251/- രൂപ വിതരണം ചെയ്യുവാനുമുണ്ട്. ആയത് ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും ഉടനെ തന്നെ വിതരണം ചെയ്യുന്നതാണ്.

## 13. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ നിന്നും നിലവിൽ വിതരണം ചെയ്യാനുള്ള പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl.No | Name of Benefits | Number of beneficiaries | Amount |
|---|---|---|---|
| 1 | Marriage | 363 | 36,30,000/- |
| 2 | Maternity | 471 | 70,65,000/- |
| 3 | Retirement | 640 | 37,92,720/- |
| 4 | Scholarship | 3052 | 37,38,000/- |
| 5 | Death | 38 | 5,58,000/- |
| 6 | Treatment | 34 | 3,11,000/- |
| 7 | Refund | 81 | 2,13,452/- |
| 8 | Cash Award | 52 | 65,000/- |
| 9 | Pension (based on 2023 August) | 73125 | 11,70,00,000/- |
| | **Total** | **77856** | **13,63,73,172/-** |

## 14. കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്

### അൺ-അറ്റാച്ച്ഡ് വിഭാഗം

1978-ലെ കേരള ചുമട്ടു തൊഴിലാളി ക്ഷേമബോർഡ് (അൺ-അറ്റാച്ച്ഡ് വിഭാഗം) തനത് ഫണ്ടിൽ നിന്നാണ് അതാത് മാസം അൺ-അറ്റാച്ച്ഡ് വിഭാഗം പെൻഷൻ ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്യുന്നത്. അൺ-അറ്റാച്ച്ഡ് വിഭാഗത്തിൽ പെൻഷൻ ഇനത്തിൽ കുടിശ്ശിക ഒന്നും നിലവിൽ ഇല്ല. കൂടാതെ മറ്റ് ക്ഷേമാനുകൂല്യങ്ങൾക്കുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അർഹമായ തുക തനത് ഫണ്ടിൽ നിന്നും അനുവദിച്ച് വരുന്നുണ്ട്.

### സ്കാറ്റേർഡ് വിഭാഗം

1999-ലെ കേരള ചുമട്ടു തൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ പദ്ധതിയിൽ പെൻഷൻ ഗുണഭോക്താക്കൾക്ക് സർക്കാർ ഫണ്ട് ഉപയോഗിച്ചാണ് പെൻഷൻ നൽകി വരുന്നത്. 2023 ഓഗസ്റ്റ് മാസം വരെയുള്ള പെൻഷൻ ഫണ്ട് സർക്കാരിൽ നിന്നും അനുവദിച്ച് ഉത്തരവായിട്ടുള്ളതും ആയത് 4658 പെൻഷൻ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളതുമാണ്.
നിലവിൽ ആനുകൂല്യം വിതരണം ചെയ്യാനുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | ആകെ പെൻഷണർമാർ | തുക |
|---|---|---|
| 2023 സെപ്റ്റംബർ | 4661 | 74,57,600/- |
| 2023 ഒക്ടോബർ | 4661 | 74,57,600/- |
| 2023 നവംബർ | 4661 | 74,57,600/- |
| 2023 ഡിസംബർ | 4661 | 74,57,600/- |
| 2024 ജനുവരി | 4661 | 74,57,600/- |
| ആകെ | 23,305 | 3,72,88,000/- |

കൂടാതെ ക്ഷേമാനുകൂല്യങ്ങൾക്കുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അർഹമായ തുക തനത് ഫണ്ടിൽ നിന്നും അനുവദിച്ച് വരുന്നുണ്ട്.

## 15. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നാളിതുവരെയുള്ള 66548 ഗുണഭോക്താക്കൾക്ക് 31,13,72,300/- രൂപ പെൻഷൻ കുടിശ്ശിക ഇനത്തിലും, സെപ്റ്റംബർ 2023 മുതൽ ജനുവരി 2024 വരെയുള്ള അഞ്ച് മാസങ്ങളിലെ 87000 ഗുണഭോക്താക്കൾക്ക് 68,94,94,400/- രൂപ പെൻഷൻ ഇനത്തിലും വിതരണം ചെയ്യുവാൻ ശേഷിക്കുന്നുണ്ട്.

### ആനുകൂല്യങ്ങൾ

2023 ഡിസംബർ വരെയുള്ള വിവിധ ആനുകൂല്യങ്ങൾ വിതരണം ചെയ്ത് പൂർത്തിയായിട്ടുള്ളതും, സർക്കാർ ധനസഹായത്തോടെ നൽകി വരുന്ന അധിക പ്രസവധനസഹായ ഇനത്തിൽ 3715 ഗുണഭോക്താക്കൾക്ക് 4,82,95,000/- രൂപ വിതരണം ചെയ്യുവാൻ ശേഷിക്കുന്നുണ്ട്.

**16. <u>കേരള ബീഡി -ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**

കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ 5 മാസത്തെ പെൻഷനാണ് വിതരണം ചെയ്യുവാനുള്ളത്. പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണവും തുകയും മാസം തിരിച്ച് ചുവടെ ചേർക്കുന്നു.

| | മാസം | പെൻഷൻകാരുടെ എണ്ണം | തുക |
|---|---|---|---|
| 1 | 2023 സെപ്റ്റംബർ | 3274 | 52,38,400/- |
| 2 | 2023 ഒക്ടോബർ | 3296 | 52,73,600/- |
| 3 | 2023 നവംബർ | 3304 | 52,86,400/- |
| 4 | 2023 ഡിസംബർ | 3323 | 53,16,800/- |
| 5 | 2024 ജനുവരി | 3369 | 53,90,400/- |
| | ആകെ | 16,566 | 2,65,05,600/- |

**തൊഴിൽ വകുപ്പുമായി ബന്ധമില്ലാത്തതും എന്നാൽ സംസ്ഥാനത്തുള്ളതുമായ സംസ്ഥാനത്തുള്ള മറ്റു ക്ഷേമനിധി ബോർഡുകളുടെ വിവരം ചുവടെ ചേർക്കുന്നു.**

1. <u>കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡ്</u>

ക്ഷീരകർഷക ക്ഷേമനിധി ബോർഡ് ക്ഷീരകർഷകർക്കായി പെൻഷനു പുറമെ കുടുംബ പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, വിദ്യാഭ്യാസ ധനസഹായം തുടങ്ങി ധനസഹായങ്ങൾ നൽകിവരുന്നുണ്ട്. പ്രസ്തുത ധനസഹായങ്ങൾ ലഭ്യമാകുന്ന അപേക്ഷകൾക്ക് അനുസൃതമായി കൃത്യമായി വിതരണം ചെയ്തു പോരുന്നു. ഈ ഇനങ്ങളിൽ ധനസഹായ വിതരണവുമായി ബന്ധപ്പെട്ട് നിലവിൽ കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽ യാതൊരുവിധ കുടിശ്ശിക ഇല്ല.

ബോർഡിൽ നിന്നും 2023 സെപ്റ്റംബർ മാസം മുതൽ 2023 ഡിസംബർ മാസം വരെ വിതരണം ചെയ്യേണ്ടുന്ന പെൻഷന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | വർഷം/മാസം | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|---|
| 1. | 2023 സെപ്റ്റംബർ | 43497 | 6,95,95,200/- |
| 2. | 2023 ഒക്ടോബർ | 43930 | 7,02,88,000/- |
| 3 | 2023 നവംബർ | 44063 | 7,05,00,800/- |
| 4 | 2023 ഡിസംബർ | 45856 | 7,33,69,600/- |

2. <u>കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ്</u>

കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും പ്രതിമാസ പെൻഷൻ, അവശതാ/കുടുംബപെൻഷൻ, ചികിത്സാ സഹായം, മാരകരോഗങ്ങൾക്കുള്ള ചികിത്സാസഹായം, വിദ്യാഭ്യാസാനുകൂല്യം, വിവാഹധനസഹായം, പ്രസവാനുകൂല്യം, മരണാനന്തരചടങ്ങുകൾക്കുള്ള ധനസഹായം എന്നിവയാണ് നൽകി വരുന്നത്. 08/2023 വരെയുള്ള പെൻഷൻ വിതരണം ചെയ്തു. 09/2023 മുതൽ 01/2024 വരെയുള്ള പെൻഷൻ കുടിശ്ശികയാണ്. ഇത് 5 മാസത്തേക്ക് 570 പേർക്ക് 1600 /- രൂപ വീതം 570x1600x5 പേർക്ക് = 45,60,000/- രൂപ (നാൽപ്പത്തി അഞ്ച് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം.) കുടിശ്ശികയുണ്ട്. മറ്റ് ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ ലഭ്യക്കുന്ന അവസരത്തിൽ തന്നെ അനുവദിച്ച് നൽകുന്നതിനാൽ കുടിശ്ശിക ഇല്ല.

3. കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്

| ക്രമ നം. | മാസം | ഗുണഭോക്താക്കളുടെ എണ്ണം | പെൻഷൻ കുടിശ്ശിക |
|---|---|---|---|
| 1. | ആഗസ്റ്റ് മാസത്തെ പെൻഷൻകാരുടെ എണ്ണം. | 71209 | 56.96 കോടി രൂപ |
| 2. | സെപ്റ്റംബർ മാസം പുതുതായി പെൻഷൻ അനുവദിച്ചവർ | 253 | 20,24,000/- രൂപ |
| 3 | ഒക്ടോബർ മാസം പുതുതായി പെൻഷൻ അനുവദിച്ചവർ | 232 | 14,84,800/-രൂപ |
| 4 | നവംബർ മാസം പുതുതായി പെൻഷൻ അനുവദിച്ചവർ | 180 | 8,64,000/- രൂപ |
| 5 | ഡിസംബർ മാസം പുതുതായി പെൻഷൻ അനുവദിച്ചവർ | 193 | 6,17,600/- രൂപ |
| 6 | 2024 ജനുവരി മാസം പുതുതായി പെൻഷൻ അനുവദിച്ചവർ | 272 | 4,35,200/-രൂപ |
| | **ആകെ** | **72339** | 57.50 കോടി രൂപ |
| | വിരമിക്കൽ ആനുകൂല്യം 31/03/2023 വരെയുള്ളവർക്ക് | 22819 | 19.52 കോടി രൂപ |
| | **ആകെ** | | **77.02 കോടി രൂപ** |

4. കേരള റേഷൻ വ്യാപാരി ക്ഷേമനിധി

കേരള റേഷൻ വ്യാപാരി ക്ഷേമനിധിയിൽ നിന്നും പെൻഷൻ, അംശദായം തിരികെ നൽകൽ, മരണാനന്തരധനസഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ്, ചികിത്സാ ധനസഹായം തുടങ്ങിയ ക്ഷേമപദ്ധതികളിലേക്കാണ് ധനസഹായം അനുവദിച്ചുവരുന്നത്.

റേഷൻ വ്യാപാരി ക്ഷേമനിധി അംഗമായിട്ടുള്ള 62 വയസ് പൂർത്തിയാക്കിയ 10 വർഷം

സർവ്വീസ് ഉള്ള റേഷൻ വ്യാപാരികൾക്ക് അവർ സർവ്വീസിൽ നിന്നും വിരമിച്ചതിനുശേഷം ക്ഷേമനിധിയിൽ നിന്ന് 1500/- രൂപ നിരക്കിൽ പ്രതിമാസ പെൻഷൻ ത്രൈമാസികമായി 4500/-രൂപയായി വ്യാപാരികളുടെ അപേക്ഷ ലഭിക്കുന്ന മുറയക്ക് നടപടികൾ കൈക്കൊണ്ട് അനുവദിച്ച് വരുന്നു. നിലവിൽ 1600 ഓളം പെൻഷണേഴ്സിന് ക്ഷേമനിധിയിൽ നിന്നും പെൻഷൻ അനുവദിക്കുന്നുണ്ട്. കൂടാതെ സേവന രംഗത്തുനിന്നും വിരമിക്കുന്ന റേഷൻ വ്യാപാരികൾക്ക് ടിയാളുകൾ ക്ഷേമനിധിയിൽ അടവാക്കിയ തുക തിരികെ അനുവദിക്കുകയും ചെയ്യുന്നുണ്ട്.

ക്ഷേമനിധി അംഗങ്ങൾക്ക് ചികിത്സാധനസഹായം നൽകിവരുന്നുണ്ട്. ഗുരുതരമായ രോഗങ്ങൾക്ക് 25,000/- രൂപയും, മാരകമല്ലാത്ത രോഗങ്ങൾക്ക് 50,000/- രൂപവരെയുള്ള ചികിത്സയ്ക്ക് 3000/- രൂപയോ ചിലവായ തുകയുടെ 25% -മോ ഇതിൽ ഏതാണോ കുറവ് അതും 50,000/- രൂപയ്ക്ക് മുകളിൽ ചിലവായ ചികിത്സയ്ക്ക് 5000/- രൂപയും, ധനസഹായം നൽകിവരുന്നു.

ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് എസ്. എസ്.എൽ.സി, പ്ലസ് ടു (സ്റ്റേറ്റ്, സി.ബി. എസ്. ഇ, ഐ.സി.എസ്.ഇ) വിഭാഗങ്ങളിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥി കൾക്ക് ഓരോ സാമ്പത്തിക വർഷവും വിദ്യാഭ്യാസ സ്കോളർഷിപ്പും നൽകിവരുന്നു.

70 വയസ്സിനു മുൻപും ശേഷവും മരണപ്പെടുന്ന റേഷൻ വ്യാപാരികളുടെ ആശ്രിതർക്ക് ആശ്വാസമായി 40,000/- രൂപ വരെ ധനസഹായം അനുവദിച്ച് വരുന്നു.

സാമ്പത്തിക പ്രതിസന്ധി മൂലം താഴെ പറയുന്ന പ്രകാരമുള്ള അപേക്ഷകളിൽ ധനസഹായം അനുവദിക്കാൻ കഴിഞ്ഞിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നം. | ഇനം | തുക | അപേക്ഷകർ |
|---|---|---|---|
| 1. | അംശാദായം തിരികെ നൽകുന്നതിലേക്ക് | 94,60,087/- രൂപ | 466 |
| 2. | മരണാനന്തര ധനസഹായം അനുവദിക്കുന്നതിലേക്ക് | 21,72,170/- രൂപ | 117 |
| 3 | പെൻഷൻ അരിയർ അനുവദിക്കുന്നതിലേക്ക് | 19,92,000/- രൂപ | 73 |
| 4 | സർക്കാർ ഉത്തരവ് പുനഃക്രമീ കരിച്ചതിലൂടെ പെൻഷൻ ഇനത്തിൽ അധികമായി അനുവദിക്കേണ്ട തുക | 16,46,000/- രൂപ | 109 |

| | | | |
|---|---|---|---|
| | **ആകെ കുടിശ്ശിക തുക** | **1,52,70,257/- രൂപ** | **765** |

5. <u>കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്</u>

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ നിന്നും 2023 ഡിസംബർ മാസം വരെയുള്ള പെൻഷൻ വിതരണം നടത്തിയിട്ടുണ്ട്. നിലവിൽ 3886 പേർക്ക് 4000/- രൂപ (നാലായിരം രൂപ മാത്രം) വീതം പെൻഷനും, 342 പേർക്ക് 1100/- രൂപ (ആയിരത്തി ഒരുന്നൂറ് മാത്രം) വീതം ഫാമിലി പെൻഷനും 7 പേർക്ക് 1100 രൂപ (ആയിരത്തി ഒരുന്നൂറ് മാത്രം) വീതം അവശതാ പെൻഷനും നൽകി വരുന്നു. 25,000/- രൂപ വീതം വിവാഹ ധനസഹായം, മരണാനന്തര ധനസഹായം 10,000/- രൂപ, ചികിത്സാ ധനസഹായം പരമാവധി 1,50,000/- രൂപ എന്നിങ്ങനെയാണ് നൽകി വരുന്നത് പെൻഷൻ ഒഴികെയുള്ള മറ്റ് ധനസഹായങ്ങൾ 2023 ജൂലൈ മാസം വരെ അപേക്ഷ സമർപ്പിച്ചവർക്ക് നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ നിന്നും നിലവിൽ വിതരണം ചെയ്യാനുള്ള ആനുകൂല്യങ്ങളുടെ വിശദാംശങ്ങളും ഓരോ ഇനത്തിലും വിതരണം ചെയ്യാനുള്ള തുകയും ലഭിക്കാനുള്ള ഗുണഭോക്താക്കളുടെ എണ്ണവും ചുവടെ ചേർക്കുന്നു.

| **ക്രമ നം.** | **വിതരണം ചെയ്യാനുള്ള ആനുകൂല്യങ്ങൾ** | **വിതരണം ചെയ്യാനുള്ള തുക** | **ഗുണഭോക്താക്കളുടെ എണ്ണം** | **നിലവിൽ വിതരണം ചെയ്യാനുള്ള മാസം** |
|---|---|---|---|---|
| 1. | പെൻഷൻ (4000 രൂപ വീതം) | 1,55,40,000 | 3886 | 2024 ജനുവരി |
| 2. | കുടുംബ പെൻഷൻ (1100 രൂപ വീതം) | 3,76,200 | 342 | 2024 ജനുവരി |
| 3 | അവശതാ പെൻഷൻ (1100 രൂപ വീതം) | 7700 | 7 | 2024 ജനുവരി |

| | | | | |
|---|---|---|---|---|
| 4 | വിവാഹ ധനസഹായം (25,000 രൂപ വീതം) | 3,25,000 | 13 | 2023 ആഗസ്റ്റ് മാസം മുതൽ അപേക്ഷ സമർപ്പിച്ചവർക്ക് |
| 5 | മരണാനന്തര ധനസഹായം (10,000 രൂപ വീതം) | 3,30,000 | 33 | 2023 ആഗസ്റ്റ് മാസം മുതൽ അപേക്ഷ സമർപ്പിച്ചവർക്ക് |
| 6 | ചികിത്സാ ധനസഹായം (പരമാവധി 1,50,000 രൂപ) | 13,80,000 | 36 | 2023 ആഗസ്റ്റ മാസം മുതൽ അപേക്ഷ സമർപ്പിച്ചവർക്ക് |

6. <u>വ്യാപാരി ക്ഷേമബോർഡ്</u>

വ്യാപാരി ക്ഷേമ പെൻഷൻ 2023 ആഗസ്റ്റ് മാസം വരെ വിതരണം പൂർത്തിയാക്കിയിട്ടുണ്ട്. 2023 സെപ്റ്റംബർ മുതൽ വിതരണം ചെയ്യേണ്ട പെൻഷൻ തുകയുടെ വിശദാംശങ്ങൾ ഗുണഭോക്താക്കളുടെ എണ്ണം സഹിതം ചുവടെ ചേർക്കുന്നു.

| ക്രമ നം. | മാസം | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | വിതരണത്തിനുള്ള തുക |
|---|---|---|---|---|
| 1. | സെപ്റ്റംബർ | 2023 | 10193 | 16313450 |
| 2. | ഒക്ടോബർ | 2023 | 10340 | 16548650 |
| 3 | നവംബർ | 2023 | 10451 | 16726350 |
| 4 | ഡിസംബർ | 2023 | 10600 | 16964800 |
| 5 | ജനുവരി | 2024 | 11100 | 17764800 |

മരണാനന്തര ആനുകൂല്യ വിതരണം 31.12.2022 വരെ പൂർത്തിയാക്കിയിട്ടുണ്ട് 01.01.2023 മുതൽ 31.12.2023 വരെ ലഭിച്ച 590 മരണാനന്തര ആനുകൂല്യ അപേക്ഷകളിൽ 2.5 കോടി രൂപ വിതരണം നടത്തേണ്ടതുണ്ട്.

എക്സ് ഗ്രേഷ്യ ആനുകൂല്യ തുകയായി 01.08.23 മുതൽ ലഭിച്ച 104 അപേക്ഷകളിൽ ഏകദേശം 50 ലക്ഷത്തോളം രൂപ വിതരണം ചെയ്യേണ്ടതുണ്ട്.

മരണാനന്തര ആനുകൂല്യം എക്സ് ഗ്രേഷ്യ ആനുകൂല്യം എന്നിവ വിതരണം ചെയ്യുന്നതിന് അനുവദിച്ച 3 കോടി രൂപ വിതരണം നടത്തി വരുന്നു.

7. കേരള മദ്രസാധ്യാപക ക്ഷേമനിധി ബോർഡ്

| ക്രമ നം. | ആനുകൂല്യം | ഗുണഭോക്താക്കളുടെ എണ്ണം | വിതരണം ചെയ്യാനുള്ള തുക |
|---|---|---|---|
| 1 | പെൻഷൻ | 1426 | നിലവിൽ കുടിശിക ഇല്ല |
| 2 | അവശതാ പെൻഷൻ | 1 | നിലവിൽ കുടിശിക ഇല്ല |
| 3 | ചികിത്സാധനസഹായം | 4 | 40,000/- |
| 4 | മരണാനന്തര ധനസഹായം | 6 | 1,95,256/- |
| 5 | വിവാഹ ധനസഹായം | 200 | 50,00,000/- |
| 6 | വിദ്യാഭ്യാസ ധനസഹായം | 9 | 72,060/- |
| 7 | പ്രസവാനുകൂല്യം | - | - |

8. കേരള അഡ്വക്കേറ്റ് ക്ലാർക്ക് ക്ഷേമനിധി കമ്മിറ്റി

കേരള അഡ്വകേറ്റ് ക്ലാർക്ക്സ് ക്ഷേമനിധിയിൽ നിന്നും പെൻഷൻ, മരണാനന്തരാനുകൂല്യം, വിരമിക്കൽ, സ്ഥിരമായ അവശത, ഉത്സവബത്ത, മെഡിക്ലെയിം, എൽ.എൽ.ബി സ്കോളർഷിപ്പ്, പ്ലസ് ടു എൻഡോവ്മെന്റ് തുടങ്ങിയ ആനുകൂല്യങ്ങളാണ് അനുവദിച്ച് വരുന്നത്.

അറുപത് വയസ്സ് പൂർത്തിയായതിനുശേഷം തൊഴിൽ അവസാനിപ്പിക്കുന്ന ക്ഷേമനിധി അംഗങ്ങൾക്ക് 2004-ലെ കേരള അഡ്വക്കറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ചട്ടങ്ങളിലെ ചട്ടം 11 എ പ്രകാരം പെൻഷൻ ലഭിക്കുന്നതിന് അർഹതയുള്ളതാണ്. അതിൻ പ്രകാരം അറുപത് വയസ്സ് പൂർത്തിയായതിനുശേഷം, വിവിധ നിരക്കിൽ, ക്ഷേമനിധിയിൽ അംഗമായിരുന്ന വർഷങ്ങളുടെ അടിസ്ഥാനത്തിൽ അഞ്ഞൂറ് രൂപ മുതൽ പരമാവധി രണ്ടായിരം രൂപ വരെ പെൻഷൻ ലഭിക്കുന്നതാണ്. വിരമിക്കൽ ആനുകൂല്യമായി അനുവദിക്കാവുന്ന പരമാവധി തുക നിലവിൽ നാല് ലക്ഷം രൂപയാണ്.

ക്ഷേമനിധിയിൽ അംഗമായി പ്രവേശിച്ച അഞ്ചു വർഷത്തിനുള്ളിൽ സ്ഥിരമായ അവശതമൂലം അംഗത്വം പിൻവലിക്കേണ്ടിവന്നാൽ ക്ഷേമനിധിയിൽ അംഗമായിരുന്ന വർഷങ്ങളുടെ അടിസ്ഥാനത്തിൽ അൻപതിനായിരം രൂപ മുതൽ നാല് ലക്ഷം രൂപ വരെ ധനസഹായം ലഭിക്കുന്നതാണ്. ക്ഷേമനിധിയിലെ ഒരംഗം ഫണ്ടിൽ അംഗമായി പ്രവേശിച്ച് അഞ്ചു

വർഷത്തിനകം മരണം സംഭവിക്കുകയാണെങ്കിൽ 2004-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ചട്ടങ്ങൾ പ്രകാരം ഫണ്ടിൽനിന്നും 50,000/- രൂപ (അൻപതിനായിരം രൂപ) മരണാനന്തരാനുകൂല്യമായി നോമിനികൾക്ക്/അവകാശികൾക്ക് അനുവദിക്കുന്നു. അഞ്ചു വർഷത്തിനുശേഷം മരണം സംഭവിക്കുകയാണെങ്കിൽ ചട്ടങ്ങളിലെ പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള ഒരു സഞ്ചിത തുക നാമനിർദ്ദേശം ചെയ്തിട്ടുള്ള ആൾക്കോ, നാമ നിർദ്ദേശം ചെയ്തിട്ടില്ലെങ്കിൽ അയാളുടെ നിയമാനുസൃത അവകാശികൾക്കോ ഫണ്ടിൽനിന്നും അനുവദിച്ചു വരുന്നുണ്ട്. ഈ ഇനത്തിലുള്ള പരമാവധി ആനുകൂല്യം നാല് ലക്ഷം രൂപയാണ്.

വരിസംഖ്യ കുടിശ്ശികയില്ലാതെ അതാതുവർഷം മാർച്ച് മാസം 31-ാം തീയതി ഫണ്ടിൽ അംഗമായി തുടരുന്ന ഏതൊരംഗത്തിനും 1500/- രൂപ (ആയിരത്തി അഞ്ഞൂറ് രൂപ) നിരക്കിൽ ഉത്സവബത്ത നൽകി വരുന്നു.

ചികിത്സാ ആനുകൂല്യ പദ്ധതി പ്രകാരം ക്ഷേമനിധിയിൽ അംഗമായി ചേർന്ന് ഒരു വർഷത്തെ അംഗത്വം പൂർത്തിയായവർക്കും കുടുംബത്തിലെ ആകെ 5 പേരുടെ ചികിത്സയ്ക്കായി പ്രതിവർഷം പരമാവധി 35,000/- രൂപ (മുപ്പത്തി അയ്യായിരം രൂപ) വരെ ചികിത്സാ ആനുകൂല്യമായി അനുവദിച്ചുവരുന്നു. ക്രിട്ടിക്കൽ കെയർ ചികിത്സയ്ക്ക് 5000/-രൂപ കൂടി പ്രതിവർഷം ചികിത്സാ ആനുകൂല്യമായി അനുവദിച്ചു വരുന്നു.

അംഗങ്ങളുടെ മക്കൾക്ക് നിയമപഠനത്തിന് പ്രോത്സാഹനം നൽകുന്നതിനായി ഒരു സ്കോളർഷിപ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ക്ഷേമനിധി അംഗങ്ങളായ വക്കീൽഗുമസ്തൻമാരുടെ മക്കളിൽ എൽ.എൽ.ബി കോഴ്സിൽ അതതു വർഷത്തിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് പ്ലസ് ടുവിന് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ പരമാവധി മൂന്നു പേർക്ക് സെമസ്റ്ററിന് 1500/- രൂപ നിരക്കിൽ പ്രതിവർഷം പരമാവധി 3000/- രൂപവരെ ലഭിക്കുന്നതാണ്. സർക്കാർ സിലബസ് മുഖേനയുള്ള പഠനം പ്രോത്സാഹിപ്പിക്കുന്നതിനായി പ്ലസ് ടു-വിന് സ്റ്റേറ്റ് സിലബസിൽ പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടി പാസ്സായ വിദ്യാർത്ഥികൾക്ക് 1500/- രൂപയും ഉപഹാരവും നൽകിവരുന്നു.

കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധിയിൽ 2022-23 സാമ്പത്തിക വർഷം ആനുകൂല്യം അനുവദിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പെൻഷൻ | 94,42,125/- |
| മരണാനന്തരാനുകൂല്യം | 66,87,690/- |
| വിരമിക്കലാനുകൂല്യം | 486 ,80,571/- |
| മെഡിക്ലെയിം | 55,34,509/- |
| ഉത്സവബത്ത | 72,54,000/- |
| എൽ.എൽ.ബി സ്കോളർഷിപ്പ് | 30,000/- |
| പ്ലസ് ടു എൻഡോവ്മെന്റ് | 18,850/- |

ബോർഡിൽ നിന്നും നിലവിൽ ആനുകൂല്യങ്ങൾ മുടക്കം കൂടാതെ നൽകി വരുന്നു .

9.കേരള അങ്കണവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ്

നിലവിൽ ആനുകൂല്യം വിതരണം ചെയ്യാനുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പെൻഷൻ | വർക്കർ | തുക | ഹെൽപ്പർ | തുക | ആകെ |
|---|---|---|---|---|---|
| 2023 ഡിസംബർ | 7271 | 1,81,72,000 | 0 | 0 | 1,81,72000 |
| 2024 ജനുവരി | 7271 | 1,81,72,000 | 8222 | 1,23,32,500 | 3,05,04500 |
| 2024 ഫെബ്രുവരി | 7271 | 1,81,72,000 | 8222 | 1,23,32,500 | 3,05,04500 |
| 30/4/2023 –ൽ വിരമിച്ച ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിന് ആവശ്യമായ തുക | 1024 | 3,07,20,000 | 825 | 1,48,50,000 | 4,55,70,000 |
| 30/04/2023 – ൽ വിരമിച്ച ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിന് ആവശ്യമായ തുക | 1024 | 1,53,60,000 | 825 | 82,50,000 | 2,36,10,000 |
| 30/04/2023 – ൽ വിരമിച്ച ജീവനക്കാർക്ക് ബെനിഫിറ്റ് നൽകുന്നതിന് ആവശ്യമായ തുക | 1024 | 6,65,60,000 | 825 | 3,30,00,000 | 9,95,60,000 |
| | | | | **ആകെ** | **24,79,21,000** |

10. കേരള കർഷക ക്ഷേമനിധി ബോർഡ്

കേരള കർഷക ക്ഷേമ നിധിയിൽ പദ്ധതിയിലേക്കുള്ള അംഗത്വ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുള്ളത് 2021 ഡിസംബർ ഒന്നാം തീയതി മുതലാണ്. ക്ഷേമനിധി പദ്ധതിയിൽ ചേർന്ന് 5 വർഷത്തിൽ കുറയാതെ അംശദായം അടയ്ക്കുന്ന അംഗങ്ങൾക്കാണ് ആനുകൂല്യത്തിനും പെൻഷനും ആക്ട് പ്രകാരം അർഹതയുള്ളത്. പദ്ധതിയിൽ ചേർന്ന് 5 വർഷം പൂർത്തീകരിക്കാത്തതിനാൽ ആനുകൂല്യങ്ങളും, പെൻഷനും നല്കാറായിട്ടില്ല.

11. കേരള സ്റ്റേറ്റ് കോ- ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫയർ ബോർഡ്

കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിൽ അംഗങ്ങളായ സഹകരണ സംഘം ജീവനക്കാർക്ക് ബോർഡിൽ നിന്നും നൽകിവരുന്ന ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം, അടച്ച വിഹിതവും 10% ഇൻസെന്റീവും കൂടി തിരികെ നൽകൽ, ജീവനക്കാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ക്യാഷ് അവാർഡ് എന്നിവ

സമയ ബന്ധിതമായി അനുവദിച്ച് നൽകിവരുന്നുണ്ട്. അംഗങ്ങൾക്ക് പെൻഷൻ നൽകുന്നത് ഈ പദ്ധതിയിൽ ഇല്ല.

12. കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപനക്കാരുടെയും ക്ഷേമനിധി ബോർഡ്

സർക്കാർ അനുവദിച്ച നൽകുന്ന പെൻഷൻ തുക 2023 ആഗസ്റ്റ് മാസം വരെ വിതരണം ചെയ്തിട്ടുണ്ട്. 2023 സെപ്റ്റംബർ മുതൽ 2024 ജനുവരി മാസം വരെ പെൻഷൻ ഇനത്തിൽ വിതരണം ചെയ്യാനുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | എണ്ണം | തുക |
|---|---|---|
| 2023 സെപ്റ്റംബർ | 5766 | 92,25,600 |
| 2023 ഒക്ടോബർ | 6161 | 98,57,600 |
| 2023 നവംബർ | 6353 | 1,01,64,800 |
| 2023 ഡിസംബർ | 6597 | 1,05,55,200 |
| 2024 ജനുവരി | 6738 | 1,07,80,800 |

13. കേരള സംസ്ഥാന കായിക യുവജന ക്ഷേമ ബോർഡ്

ക്ഷേമനിധി ബോർഡു മുഖേന പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നില്ല.

14. കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരളാ തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ അതിന്റെ പ്രാരംഭഘട്ടത്തിലാണ്. അംഗങ്ങളെ ചേർക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതേയുള്ളൂ. 06.10.2023-ലെ എസ്.ആർ.ഒ.നം. 1073/2023 പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി ചട്ടം (12) പ്രകാരം അറുപത് വയസ്സ് പൂർത്തിയായിട്ടുള്ളതും അറുപത് വയസ്സ് വരെ ഏറ്റവും കുറഞ്ഞത് പത്ത് വർഷം തുടർച്ചയായി അംശദായം അടച്ചിട്ടുള്ളതുമായ അംഗങ്ങൾക്കാണ് പെൻഷന് അർഹത ഉണ്ടാവുക. മറ്റ് ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടാകുന്നതിനും ഏറ്റവും കുറഞ്ഞത് മൂന്ന് വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചിരിക്കേണ്ടതാണ് എന്ന് ബന്ധപ്പെട്ട ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുമുണ്ട്.

15. കേരള ആധാരമെഴുത്തുകാരുടെയും, പകർപ്പെഴുത്തുകാരുടെയും, സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ്

കേരള ആധാരമെഴുത്തുകാരുടെയും, പകർപ്പെഴുത്തുകാരുടെയും, സ്റ്റാമ്പ്

വെണ്ടർമാരുടെയും, ക്ഷേമനിധിയിൽ ചികിൽസാ ധനസഹായം, വിരമിക്കൽ ആനുകൂല്യം, മരണാനന്തരാനുകൂല്യം, വിവാഹ ധനസഹായം, പ്രസവ ധനസഹായം, ഓണക്കാലത്തെ ഉൽസവബത്ത, അംഗങ്ങളുടെ മക്കൾക്ക് എസ്.എസ്.എൽ.സി, പ്ലസ് ടു അവാർഡ്, എന്നി ക്ഷേമനിധി ആനുകൂല്യങ്ങൾ കൂടാതെ അംഗങ്ങളുടെ മക്കൾക്ക് ഉന്നതവിദ്യാഭ്യാസ വായ്പ, വ്യക്തിഗത വായ്പ വീട് വയ്ക്കുന്നതിനോ/പുതുക്കി പണിയുന്നതിനോ ഉള്ള വായ്പ, വസ്തുവോ, വീടോടു കൂടിയ വസ്തുവോ വാങ്ങുന്നതിനുള്ള വായ്പ എന്നിവയാണ് ക്ഷേമനിധിയിൽ നിന്നും നൽകിവരുന്നത്. ക്രമപ്രകാരം ലഭ്യമായ അപേക്ഷകളിൽ നിലവിൽ തുകകൾ വിതരണം ചെയ്യാനില്ല.

16. <u>കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്</u>

കേരള പ്രവാസി ക്ഷേമ നിധിയിൽ അംഗത്വമെടുത്ത് പെൻഷൻ പ്രായം വരെ അംശദായമടച്ച് പൂർത്തിയാക്കി നിയമാനുസൃതം പെൻഷൻ അപേക്ഷ സമർപ്പിച്ച 47,140 പേർക്ക് 2024 ജനുവരി മാസം വരെ പ്രവാസി ക്ഷേമ പെൻഷൻ അനുവദിച്ചിട്ടുണ്ട്. പ്രവാസി ക്ഷേമ പെൻഷൻ അർഹത നേടിയവരുടെ പെൻഷൻ വിതരണത്തിലും ആനുകൂല്യങ്ങളുടെ വിതരണത്തിലും മുടക്കം വന്നിട്ടില്ല.

17. <u>കേരള മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡ്</u>

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നിലവിൽ വിതരണം ചെയ്യാനുള്ള ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **പദ്ധതി** | **വിതരണം ചെയ്യാനുള്ള ആനുകൂല്യങ്ങളുടെ വിവരങ്ങൾ** | |
|---|---|---|
| | **എണ്ണം** | **തുക** |
| വാർദ്ധക്യകാല, വിധവ പെൻഷൻ പദ്ധതി (മത്സ്യത്തൊഴിലാളി, അനുബന്ധത്തൊഴിലാളി) (09/2023 മുതൽ 01/2024) | 58,989 | 47,19,12,000 |
| മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ട ല്ലാതെ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം. | 20 | 10,00,000 |
| മത്സ്യത്തൊഴിലാളികളുടെ മരണത്തോ ടനുബന്ധിച്ച് ആശ്രിതർക്ക് ധന സഹായം. | 412 | 61,52,000 |
| അനുബന്ധത്തൊഴിലാളികളുടെ മരണ ത്തോടനുബന്ധിച്ച് ആശ്രിതർക്ക് | 53 | 7,95,000 |

| | | |
|---|---|---|
| ധനസഹായം . | | |
| വിവാഹ ധനസഹായ പദ്ധതി (മത്സ്യത്തൊഴിലാളി, അനുബന്ധ ത്തൊഴിലാളി) ( 4/2023 മുതൽ 12/2023) | 1088 | 1,08,80,000 |
| സാന്ത്വതീരം പദ്ധതി., | 166 | 45,20,971 |
| ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (17.12.2022 മുതൽ 16.12.2023)<br><br>**എ)** അപകടമരണം/കാണാതാകൽ | 44 | ഇൻഷ്വറൻസ് കമ്പനി പരിഗണിക്കുന്ന പക്ഷം ആശ്രിതർക്ക് 10 ലക്ഷം രൂപ നിരക്കിൽ ക്ലെയിം അനുവദിക്കുന്നതാണ് |
| **ബി)** അപകടം മൂലം പരിക്ക് പറ്റി 24 മണിക്കൂറിൽ കൂടുതൽ ആശുപത്രിയിൽ കിടത്തി ചികിൽസിക്കുന്നത്.<br>എന്നീ പദ്ധതികളാണ് മത്സ്യബോർഡ് നടപ്പിലാക്കി വരുന്നത്. | 42 | ഇൻഷ്വറൻസ് കമ്പനിയുടെ പരിഗണനയിലാണ്. |

18. കേരള സഹകരണ വികസന ക്ഷേമനിധി

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ പെൻഷൻ സ്കീം ഇല്ല. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ നിന്നും മരണാനന്തര/ചികിത്സാ ധനസഹായമായി 30.01.2024 വരെ 1,03,666 വായ്പകൾക്കായി 792.74 കോടി രൂപയുടെ റിസ്ക് ഫണ്ട് ധനസഹായവും അനുവദിച്ച് നൽകിയിട്ടുണ്ട്. കേരളത്തിലെ വിവിധ സഹകരണ ബാങ്ക്/സംഘങ്ങളിൽ നിന്നും വായ്പയെടുത്ത ശേഷം മരണപ്പെടുകയോ, മാരകരോഗം പിടിപെടുകയോ ചെയ്യുന്ന അർഹരായ മുഴുവൻ വായ്പക്കാർക്കും കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ച് വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ